"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റം/നിയമനം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.207/2024/AGRI തീയതി,തിരുവനന്തപുരം, 29-02-2024

പരാമർശം:-
1. സർക്കുലർ നമ്പർ 62/1991/ധന തീയതി 22/11/1991
2. ശ്രീമതി.അജിമോൾ.ഇ.കെ 30/01/2024 ൽ സമർപ്പിച്ച Annexure A5 നിവേദനം.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)No. 166/2024 മേലുള്ള 05/02/2024 ലെ ഉത്തരവ്.
4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 22/02/2024 ലെ ADFW/10885/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി.അനിത ജെയിംസ് അവധി കഴിഞ്ഞ് 21/02/2024 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലപ്പുഴ, ആത്മ പ്രോജക്ട് ഡയറക്ടർ ആയി നിയമനം നൽകണമെന്ന് ശ്രീമതി.അനിത ജെയിംസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) 30/04/2024 ന് സേവനത്തിൽ നിന്നും വിരമിക്കുന്ന കാസറഗോഡ് ആത്മ പ്രോജക്ട് ഡയറക്ടറായ ശ്രീമതി.അജിമോൾ.ഇ.കെ.യ്ക്ക് ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം (2) നിവേദനം പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീമതി.അജിമോൾ.ഇ.കെ, ടിയാളുടെ സ്വദേശമായ കണ്ണൂർ ജില്ലയിൽ ആത്മ പ്രോജക്ട് ഡയറക്ടറായി നിലവിലുള്ള ഒഴിവിലേക്ക് പരിഗണിക്കണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ചുവടെ പരാമർശിച്ചിരിക്കുന്ന കൃഷി ജോയിന്റ് ഡയറക്ടർമാരെ ഭരണസൗകര്യാർത്ഥം അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന തസ്തികയിൽ സ്ഥലംമാറ്റം നൽകി/നിയമനം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസും | സ്ഥലം മാറ്റം / നിയമനം നൽകി നിയമിക്കുന്ന തസ്തികയും ഓഫീസും |
|---|---|---|
| 1 | ശ്രീമതി.അനിത ജെയിംസ് (waiting for posting) | ആത്മ പ്രോജക്ട് ഡയറക്ടർ, ആലപ്പുഴ |
| 2 | ശ്രീമതി.അജിമോൾ.ഇ.കെ, ആത്മ പ്രോജക്ട് ഡയറക്ടർ, കാസറഗോഡ് | ആത്മ പ്രോജക്ട് ഡയറക്ടർ, കണ്ണൂർ |

4) മേൽ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ച വിവരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. മേൽ ഉദ്യോഗസ്ഥരുടെ പ്രവേശനകാലം പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കും.

5) ശ്രീമതി.അജിമോൾ.ഇ.കെ.യ്ക്ക് കണ്ണൂർ ജില്ലയിലെ ആത്മ പ്രോജക്ട് ഡയറക്ടറായി നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മുഹമ്മദ് ഹനീഫ.എം.എം.**
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/31/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.